പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 160 — 13.06.2019 -ൽ മറുപടിക്ക്

## അന്നപൂർണ്ണ പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.എം. നൗഷാദ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കേന്ദ്രാവിഷ്കൃത പദ്ധതിയായ അന്നപൂർണ്ണ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;<br><br>**(ബി)** പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) & (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ അന്നപൂർണ്ണ സംസ്ഥാനത്ത് 01.04.2000 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവിന് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. |
| **(സി)** പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്നും അറിയിക്കുമോ ;<br><br>**(ഡി)** ഈ പദ്ധതിയിൽ കൂടുതൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) & (ഡി) അറുപത്തഞ്ചോ (65) അതിനു മുകളിലോ പ്രായമുള്ള, സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് തരുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം അപേക്ഷകൻ എന്നാണ് കേന്ദ്ര സർക്കാരിന്റെ നിബന്ധന. ഇതനുസരിച്ച് സംസ്ഥാനത്തിന് 44980 പേർക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. ക്ഷേമ പെൻഷൻ ഉൾപ്പെടെ യാതൊരു പെൻഷനും ലഭിക്കാത്തവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. സംസ്ഥാനത്ത് ടി പദ്ധതിയുടെ നിലവിലെ ഉപഭോക്താക്കൾ 5726 മാത്രമാണ്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായ 'അഗതി രഹിത കേരളം' പദ്ധതിയുടെ ഭാഗമായി നടത്തിയ |

സർവ്വേയിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ളവരും യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത ആശ്രയ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. ഈ ലിസ്റ്റിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത ആശ്രയ വിഭാഗക്കാരെ കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനി ച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ആ വകുപ്പിൽ നിന്ന് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടി പദ്ധതി യുടെ ചെലവിന്റെ 80 ശതമാനം കേന്ദ്രവും 20 ശതമാനം സംസ്ഥാനവുമാണ് വഹിക്കുന്നത്.

**സെക്ഷൻ ഓഫീസർ**